പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

18.12.2014ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 4807

കയർ മേഖലയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ<br>ശ്രീ.കെ.അജിത്ത്.<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.ശശി. | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
| (എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കയർ വ്യവസായ മേഖലയെ നിലനിർത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സാദ്ധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വില വർദ്ധനവും കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ ചകിരി സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകി. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെ തുടർന്ന് ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ – പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.<br>കയർ മേഖലയെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെ പറയുന്ന പദ്ധതികൾ 2014-16 വർഷത്തിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗ് മേഖലകളിൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഒരു വിഹിതം വേതനം നൽകി ചകിരിയുടെ ലഭ്യത ഉറപ്പാക്കും.<br>2) കയർമേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും. |

| | |
|---|---|
| | 3) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.<br>4) കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.<br>5) കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്‌ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകും.<br>6) ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കും. |

സെക്ഷൻ ഓഫീസർ